**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6609** **11-07-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെയും ആറന്മുളയിലെയും വള്ളംകളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മധ്യ തിരുവിതാംകൂറിലെ വിവിധ വള്ളംകളികളെ കോർത്തിണക്കി രാജ്യാന്തര തലത്തിൽ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിലെ വള്ളംകളികളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായും അന്താരാഷ്ട്ര തലത്തിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായും പ്രധാനപ്പെട്ട ചുണ്ടൻവള്ളംകളികളെ ഏകോപിപ്പിച്ചുകൊണ്ട് ലീഗ് അടിസ്ഥാനത്തിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് എന്ന പേരിൽ മത്സരവള്ളംകളികൾ സംഘടിപ്പിച്ചുവരുന്നു. മത്സരത്തിൽ പങ്കെടുക്കുന്ന വള്ളങ്ങൾക്കും ടീമുകൾക്കും ബോണസും, ആദ്യ മൂന്ന് സ്ഥാനക്കാർക്ക് സമ്മാനത്തുകയും നൽകിവരുന്നു. ഇതിന്റെ ഭാഗമായി മലബാർ ഭാഗത്ത് ചെറുവള്ളങ്ങളുടെ മത്സരവും നടത്തി വരുന്നു. രാജ്യാന്തരതലത്തിൽ ഇതിന്റെ പ്രചരണത്തിന്റെ ഭാഗമായി സോഷ്യൽ മീഡിയ വഴി പ്രചാരണം നടത്തുകയും യൂട്യൂബ് വഴിയുള്ള പ്രമോഷണൽ വീഡിയോസ് നിർമ്മിച്ച് പ്രദർശിപ്പിക്കുകയും ചെയ്തുവരുന്നു. ടൂറിസം വകുപ്പിന്റെ വെബ് സൈറ്റിലൂടെയും ബ്രോഷറുകളിലൂടെയും വള്ളംകളികളുടെ ദൃശ്യാവിഷ്കാരവും പ്രദർശിപ്പിക്കാറുണ്ട്. |
| (ബി) | ആലപ്പുഴയിലെ പ്രത്യേകിച്ച് കുട്ടനാട്ടിലെ വിവിധ വള്ളംകളികളെയും ആറന്മുള വള്ളംകളിയെയും കൂടുതൽ ആകർഷകമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ആറന്മുള ഉതൃട്ടാതി ജലോത്സവം ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ ഐതീഹ്യവുമായി ബന്ധപ്പെട്ട് നടത്തുന്ന ജലോത്സവമാണ്. മറ്റ് വള്ളംകളികളെ അപേക്ഷിച്ച് മത്സരസ്വഭാവത്തിലുപരിയായി പരമ്പരാഗത സാംസ്കാരിക തനിമ നിലനിർത്തിക്കൊണ്ട് നടത്തപ്പെടുന്ന ജലമാമാങ്കമാണിത്. ഇതിനായി ധനസഹായവും പങ്കെടുക്കുന്ന പരമ്പരാഗത പള്ളിയോടങ്ങൾക്ക് അവ സംരക്ഷിച്ചുപോരുന്നതിനു വേണ്ടിയുള്ള ഗ്രാൻറും സർക്കാർ നൽകിവരുന്നു. മറ്റു ജലോത്സവങ്ങൾക്കൊപ്പംതന്നെ ആറന്മുള ഉതൃട്ടാതി ജലോത്സവത്തിനും പ്രചരണം നൽകിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ടൂറിസം വകുപ്പിന്റെ കൂടുതൽ ഗ്രാന്റുകൾ ലഭ്യമാക്കിക്കൊണ്ട് പ്രസ്തുത വള്ളംകളികളെ ആകർഷകമാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കേരളത്തിലെ പള്ളിയോടങ്ങൾക്കും ചുണ്ടൻ വള്ളങ്ങൾക്കും വിവിധ ഘട്ടങ്ങളിലായി വിനോദസഞ്ചാര വകുപ്പിൽ നിന്നും മെയിന്റനൻസ് ഗ്രാന്റ് അനുവദിച്ചു നൽകിയിട്ടുണ്ട്. കേരളത്തിലെ വിവിധ ജലമേളകൾക്ക് അവയുടെ പ്രാധാന്യം അനുസരിച്ച് ധനസഹായവും അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ